**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 397** **04-07-2024 - ൽ മറുപടിയ്ക്ക്**

**പ്ലസ് വൺ കോഴ്സിന്റെ കമ്മ്യൂണിറ്റി സീറ്റുകളിലേക്കുള്ള പ്രവേശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പ്ലസ് വൺ കോഴ്സിനുള്ള മെറിറ്റ് സീറ്റ് അലോട്ട്മെന്റ് കഴിയുന്നതിന് മുമ്പ് കമ്മ്യൂണിറ്റി സീറ്റുകളിലേക്കുള്ള പ്രവേശനം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം മെറിറ്റ് ക്വാട്ടയോടൊപ്പം നടത്തി വരുന്നു. അതത് സമുദായത്തിൽപ്പെട്ട അപേക്ഷകരിൽ നിന്ന് മെറിറ്റ് അടിസ്ഥാനത്തിലാണ് കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം നടത്തുന്നത്. 2024-25 അധ്യയന വർഷത്തെ ഹയർ സെക്കന്ററി പ്രവേശനത്തിന് സ.ഉ.(കൈ) നം.3015/2024/ പൊവിവ തീയതി 08.05.2024 സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ച പ്രോസ്പെക്ടസിലെ ഷെഡ്യൂൾ അനുസരിച്ചാണ് കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം നടന്നു കൊണ്ടിരിക്കുന്നത്. കമ്മ്യൂണിറ്റി ക്വാട്ട പ്രവേശന നടപടികൾ 02.06.2024 ന് ആരംഭിച്ച് 01.07.2024 ന് അവസാനിക്കുന്ന തരത്തിലാണ് ഷെഡ്യൂൾ ചെയ്തിരിക്കുന്നത്. മുൻകാലങ്ങളിൽ എന്നപോലെ മെറിറ്റ് ക്വാട്ടയുടെ രണ്ടാം അലോട്ട്മെന്റിനോടൊപ്പം 12.06.2024 മുതലാണ് കമ്മ്യൂണിറ്റി ക്വാട്ടയിലെ പ്രവേശനം ആരംഭിച്ചത്. (01.07.2024 ന് കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം പൂർത്തീകരിച്ച ശേഷം ഒഴിഞ്ഞു കിടക്കുന്ന സീറ്റുകൾ പൊതു മെറിറ്റ് സീറ്റായി പരിവർത്തനം ചെയ്ത് സപ്ലിമെന്ററി അലോട്ട്മെന്റിനായുള്ള ഒഴിവിനോടൊപ്പം പ്രസിദ്ധീകരിക്കുന്നതാണ്) |
| (ബി) | കമ്മ്യൂണിറ്റി സീറ്റുകളിലേക്ക് പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് പ്രസ്തുത നടപടി മൂലം മറ്റ് സ്കൂളുകളിലേക്ക് മാറാൻ അവസരം നിഷേധിക്കപ്പെടുന്ന അവസ്ഥയുണ്ട് എന്നത് വസ്തുതയാണോ; | (ബി) | ഒരു വിദ്യാർത്ഥിയ്ക്ക് മെറിറ്റ് ക്വാട്ടയിലും കമ്മ്യൂണിറ്റി ക്വാട്ടയിലും പ്രവേശനം ലഭിച്ചാൽ വിദ്യാർത്ഥിയ്ക്ക് ഇഷ്ടമുള്ള പ്രവേശനം തെര ഞ്ഞെടുക്കാം. ഒരു വിദ്യാർത്ഥിയ്ക്ക് രണ്ട് ക്വാട്ടയിലും കൂടെ പ്രവേശനം നേടാൻ കഴിയില്ല. ഏതെങ്കിലും ഒന്നിൽ മാത്രമേ പ്രവേശനം നേടാൻ കഴിയുകയുള്ളൂ. അതിനാൽ അവസരം നിഷേധിക്കപ്പെടുന്നില്ല മറിച്ച് മറ്റൊരു വിദ്യാർത്ഥിയ്ക്ക് കൂടി അവസരം ലഭിക്കുകയാണ് ചെയ്യു ന്നത്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ